# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.03.2024**

### പ്രധാനവാർത്തകൾ

1. 2024 ലോക്സഭാ തെരഞ്ഞെടുപ്പിൻറെ തീയതികൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് ഉച്ചയ്ക്ക് പ്രഖ്യാപിക്കും. കേരളവും തെരഞ്ഞെടുപ്പ് ചൂടിലേക്ക്.
2. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തെലങ്കാനയിലും കർണാടകയിലും ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളെ അഭിസംബോധന ചെയ്യും.
3. സംസ്ഥാനത്ത് ഇന്നും റേഷൻ മസ്റ്ററിംഗ് നിർത്തിവെച്ചു. സാങ്കേതികതകരാർ പൂർണ്ണമായും പരിഹരിച്ച ശേഷം പുനരാരംഭിക്കുമെന്ന് മന്ത്രി ജി.ആർ.അനിൽ.
4. ലോക്സഭ തിരഞ്ഞെടുപ്പിൽ പട്ടികവർഗ വിഭാഗത്തിൻറെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ രാജ്യത്തെ ആദ്യ ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ പ്രചാരണ പരിപാടി സംഘടിപ്പിച്ച് ഇടുക്കി ജില്ലാ ഭരണകൂടം.
5. കുട്ടികളിൽ പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കേണ്ടതിൻറെ പ്രാധാന്യം ഓർമിപ്പിച്ച് ഇന്ന് ദേശീയ പ്രതിരോധ കുത്തിവയ്പ്പ് ദിനം.
6. ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൻറെ പുരുഷ സിംഗിൾസ് സെമിഫൈനലിൽ ഇന്ന് ഇന്ത്യൻ താരം ലക്ഷ്യ സെൻ ഇന്തോനേഷ്യൻ താരം ജൊനാഥൻ ക്രിസ്റ്റിയെയെ നേരിടും.

RNU TVPM

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 1

## ലോക്സഭ തെരഞ്ഞെടുപ്പ്

2024 ലോക്സഭാ തെരഞ്ഞെടുപ്പിൻറെ തീയതി തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും. ഡൽഹി വിജ്ഞാൻ ഭവനിൽ ഇന്ന് ഉച്ചയ്ക്ക് ശേഷമായിരിക്കും പ്രഖ്യാപനം. ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം ചില സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളുടെ സമയക്രമവും ഇന്ന് കമ്മീഷൻ പ്രഖ്യാപിക്കും. നിലവിലെ ലോക്സഭയുടെ കാലാവധി ജൂൺ 16-നാണ് അവസാനിക്കുന്നത്. 2019-ലേതിന് സമാനമായി ഏപ്രിൽ, മെയ് മാസങ്ങളിൽ പല ഘട്ടങ്ങളിലായി വോട്ടെടുപ്പ് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## പിഎം കർണാടക തെലങ്കാന

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തെലങ്കാന സന്ദർശനത്തിൻറെ രണ്ടാം ദിവസമായ ഇന്ന് നഗർകർണൂലിൽ പൊതുസമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യു. ഇന്ന് ഉച്ചയ്ക്കു ശേഷം വടക്കൻ കർണാടകയിലെ കലബുർഗിയിലെ എൻവി മൈതാനത്ത് പ്രധാനമന്ത്രി പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തോടനുബന്ധിച്ച്, ഇന്നലെ വൈകുന്നേരമാണ് പ്രധാനമന്ത്രി തെലങ്കാനയിൽ എത്തിയത്.

RNU TVPM

&&&&&&&&&&&&&&&&&&&&

## ശശി തരൂർ

സംസ്ഥാനത്തും വിവിധ മുന്നണികളുടെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് പ്രസ്സ്ക്ലബിൽ നടന്ന പരിപാടിയിൽ, കോൺഗ്രസ് സ്ഥാനാർത്ഥി ശശി തരൂർ പാർലമെൻറംഗം എന്ന നിലയിലുള്ള പ്രവർത്തനങ്ങളെ ഉയർത്തി കാട്ടി. എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറും ഇന്ന് മണ്ഡലത്തിലെ വിവിധ പൊതു പരിപാടികളിൽ പങ്കെടുക്കും. എൽ.ഡി.എഫ് സ്ഥാനാർത്ഥി

പന്ന്യൻ രവീന്ദ്രൻ നടത്തുന്ന തീരദേശ പര്യടനം ഇന്ന് കഴക്കൂട്ടം മണ്ഡലത്തിലെ പള്ളിത്തുറയിൽ നിന്ന് ആരംഭിച്ച് വിഴിഞ്ഞത്ത് സമാപിക്കും.

&&&&&&&&&&&&&&&&&&&&

## കണ്ണൂർ - തെരഞ്ഞെടുപ്പ് പ്രചാരണം

കണ്ണൂർ പാർലമെൻറ് മണ്ഡലത്തിൽ മൂന്ന് മുന്നണികളിലെയും സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് പ്രചരണവും ഊർജ്ജിതമായി പുരോഗമിക്കുന്നു. യു.ഡി.എഫ് സ്ഥാനാർത്ഥിയും സിറ്റിംഗ് എം.പിയുമായ കെ.സുധാകരൻ ഇന്ന് തളിപറമ്പ് ,ഇരിക്കൂർ, പേരാവൂർ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് കൺവെൻഷനിൽ പങ്കെടുക്കും. എൽ.ഡി.എഫ് സ്ഥാനാർത്ഥി എം.വി.ജയരാജൻ ഇന്ന് മട്ടന്നൂർ മണ്ഡലത്തിൽ പ്രചരണം നടത്തും. കണ്ണൂർ പാർലമെൻറ് മണ്ഡലം എൻ ഡി എ തെരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസ് ഇന്ന്ഉച്ചയ്ക്ക് പത്മജ വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&

## തുഷാർ വെള്ളാപ്പള്ളി - എൻഡിഎ

കോട്ടയം പാർലമെൻറ് മണ്ഡലത്തിൽ എൻഡിഎ സ്ഥാനാർത്ഥിയായി ബിഡിജെഎസ് സംസ്ഥാന പ്രസിഡൻറ് തുഷാർ വെള്ളാപ്പള്ളി മത്സരിക്കും. ഇടുക്കിയിൽ ബിഡിജെഎസ് സ്ഥാനാർത്ഥിയായി അഡ്വ. സംഗീതാ വിശ്വനാഥൻ മത്സരിക്കുമെന്നും തുഷാർ വെള്ളാപ്പള്ളി വ്യക്തമാക്കി. കോട്ടയത്ത് വിജയിക്കുമെന്നതിൽ അദ്ദേഹം നൂറു ശതമാനം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## ലോക്സഭ തെരഞ്ഞെടുപ്പ് - കാഴ്ചപരിമിതർ

ലോക്സഭ തെരഞ്ഞെടുപ്പിന് മുന്നോടിയായി പാലക്കാട് ജില്ലയിലെ കാഴ്ച്പരിമിതരായ വോട്ടർമാർക്ക് വോട്ടിങ് യന്ത്രങ്ങൾ പരിചയപ്പെടാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ കൂടിയായ ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര അറിയിച്ചു. താലൂക്ക് ഓഫീസുകളിൽ

RNUTVPM

ഇന്ന് രാവിലെ പത്തു മുതൽ വൈകിട്ട് അഞ്ചു വരെയാണ് കാഴ്ച പരിമിതരായ വോട്ടർമാർക്ക് ഈ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

ഇടുക്കി - നങ്ക വോട്ട് (ഇൻട്രോ)

ലോക്സഭ തിരഞ്ഞെടുപ്പിൽ പട്ടികവർഗ വിഭാഗത്തിൻറെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ ഇന്ത്യയിലെ ആദ്യത്തെ ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ 'നങ്ക വോട്ട് കാമ്പയ്ൻ' സംഘടിപ്പിച്ചു. തിരഞ്ഞെടുപ്പ് ബോധവത്കരണ പരിപാടിയായ സ്വീപിൻറെ ഭാഗമായാണ് കാമ്പയിൽ ആവിഷ്കരിച്ചത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ.... (വോയ്സ്)

&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

മസ്റ്ററിംഗ് ഇന്നും ഇല്ല

സംസ്ഥാനത്ത് ഇന്നും റേഷൻ മസ്റ്ററിംഗ് നിർത്തിവച്ചു. സാങ്കേതികതകരാർ പൂർണ്ണമായും പരിഹരിച്ച ശേഷം വീണ്ടും തുടങ്ങുമെന്ന് മന്ത്രി ജി.ആർ.അനിൽ പറഞ്ഞു. റേഷൻ മസ്റ്ററിംഗുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് എൻ.ഐ.സിയ്ക്കും ഐ.ടി മിഷനും കൂടുതൽ സമയം വേണ്ടിവരുന്നതിനാലാണ് മസ്റ്ററിംഗ് നിർത്തിവെച്ചത്. റേഷൻ വിതരണം എല്ലാ കാർഡുകാർക്കും സാധാരണ നിലയിൽ നടക്കും. എല്ലാ മുൻഗണനാകാർഡ് അംഗങ്ങൾക്കും മസ്റ്ററിംഗ് ചെയ്യുന്നതിനാവശ്യമായ സമയവും സൗകര്യവും ഒരുക്കുന്നതാണെന്നും ഇതുസംബന്ധിച്ച് ആശങ്കവേണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&

നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ

RNU TVPM

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&

## പിഎം കത്ത്

വികസിത ഭാരതം രൂപപ്പെടുത്തുന്നതിലേക്കുള്ള ആശയങ്ങൾ പങ്കുവയ്ക്കാൻ രാജ്യത്തെ പൗരന്മാരോട് തുറന്ന കത്തിലൂടെ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യം വലിയ കുതിച്ചുചാട്ടമാണ് നടത്തിയതെന്നും, ഗംഭീരമായ വളർച്ചയാണ് നേടിയതെന്നും പ്രധാനമന്ത്രി പറഞ്ഞു. പാരമ്പര്യത്തെയും ആധുനികതയെയും ഒരുപോലെ പരിഗണിച്ചാണ് രാജ്യം മുന്നോട്ട് പോകുന്നതെന്ന് പരാമർശിച്ച അദ്ദേഹം ഇപ്പോൾ ഓരോ പൗരനും രാജ്യം അതിന്റെ സമ്പന്നമായ സംസ്കാരത്തെ ആഘോഷിച്ചുകൊണ്ട് പുരോഗതിയിലേക്ക് നീങ്ങുന്നതിൽ അഭിമാനിക്കുന്നുവെന്നും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ദേശീയ പ്രതിരോധ കുത്തിവെപ്പ് ദിനം

PNUTVPM

ഇന്ന് ദേശീയ പ്രതിരോധ കുത്തിവയ്പ്പ് ദിനം .
കുട്ടികളിൽ പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കേണ്ടതിൻറെ പ്രാധാന്യം മുൻനിർത്തിയാണ് ദിനാചരണം നടത്തുന്നത്. 1995 മാർച്ച് 16 നു ആദ്യമായി പോളിയോ തുള്ളിമരുന്ന് നൽകിയതിൻറെ സ്മരണാർത്ഥമാണ് എല്ലാ വർഷവും ഈ ദിവസം ദേശീയ പ്രതിരോധ കുത്തിവയ്പ്പ് ദിനമായി ആചരിക്കുന്നത്. ഓരോ കുട്ടിക്കും കൃത്യമായി പ്രതിരോധ കുത്തിവയ്പ്പ് നൽകി ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുകയാണ് ദേശീയ പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയുടെ ലക്ഷ്യം. വാക്സിനേഷൻ വിതരണത്തിനായി സജീവമായി തുടരുന്ന ആരോഗ്യ

പ്രവർത്തകരുടെ പരിശ്രമത്തെ അഭിനന്ദിക്കുന്നതിനും കൂടിയാണ് ദിനാചരണം നടത്തുന്നത്.

&&&&&&&&&&&&&&&&&&&&

ശബരിമല (ഇൻട്രോ)

ശബരിമലയിൽ 10 ദിവസത്തെ ഉത്സവത്തിന് തുടക്കം കുറിച്ച് കൊടിയേറ്റു നടന്നു. 24ന് രാത്രി ശരംകുത്തിയിൽ പള്ളിവേട്ടയും പൈങ്കുനി ഉത്രം നാളായ 25ന് രാവിലെ 11.30ന് പമ്പയിൽ ആറാട്ടും നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ്. ശ്രീധർ....... (വോയ്സ്)**

&&&&&&&&&&&&&&&&&&&&

റബ്ബർ

സംസ്ഥാനത്തെ റബർ ഉൽപാദന ബോണസ് 180 രൂപയാക്കി ഉയർത്തിയതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. റബർ സബ്സിഡി ഉയർത്തുമെന്ന് ഇത്തവണ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. സ്വാഭാവിക റബറിന് വിലയിടഞ്ഞ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ റബർ ഉൽപാദന ഇൻസെന്റീവ് പദ്ധതി നടപ്പാക്കിയത്.

PNU TVPM

&&&&&&&&&&&&&&&&&&&&

കണ്ണൂർ - കൺട്രോൾ റൂം

മനുഷ്യ- വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് നാല് വടക്കൻ ജില്ലകൾക്കായി കണ്ണൂരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നതായി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലയിലുള്ളവർക്ക് അത്യാഹിതങ്ങളോ, നാശനഷ്ടങ്ങളോ സംഭവിച്ചാൽ വനം വകുപ്പിൻറെ കൺട്രോൾ റൂം നമ്പറുകളിൽ അറിയിക്കാം. 0497 3599906 അല്ലെങ്കിൽ 8547602529 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

&&&&&&&&&&&&&&&&&&&&

## കോഴിക്കോട് പോളിടെക്നിക് (ഇൻട്രോ)

ഭിന്നശേഷി വിദ്യാർത്ഥികളുടെ ജീവിതത്തിൽ വിജയഗാഥ രചിച്ച്, കോഴിക്കോട് വെസ്റ്റ്ഹില്ലിലെ ഗവ. പോളിടെക്നിക്ക് കോളേജ്. പോളി ടെക്നിക്കിലെ കമ്പ്യൂട്ടർ സയൻസ് ഡിപ്ലോമ കോഴ്സ് - ഹിയറിങ് ഇമ്പയേർഡ്, അവസാന വർഷ ബാച്ചിലെ 15 വിദ്യാർത്ഥികൾക്കാണ് ആറ് മാസത്തെ സൗജന്യ പരിശീലനവും, ശേഷം ജോലിയും ലഭിക്കാൻ പോകുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാപ്രതിനിധി നസീർബാബു......**

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 6

## ബാഡ്മിൻറൺ

ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൻറെ പുരുഷ സിംഗിൾസ് സെമിഫൈനലിൽ ഇന്ന് ഇന്ത്യൻ താരം ലക്ഷ്യ സെൻ ഇന്തോനേഷ്യൻ താരം ജൊനാഥൻ ക്രിസ്റ്റിയെയെ നേരിടും. ഉച്ചയ്ക്ക് ശേഷം ബിർമിംഗ്ഹാമിലാണ് സെമിഫൈനൽ മത്സരം. മലേഷ്യൻ താരത്തെ മറികടന്നാണ് ലക്ഷ്യ സെൻ സെമിയിൽ പ്രവേശിച്ചത്. കഴിഞ്ഞ വർഷവും ലക്ഷ്യ സെൻ ഓൾ ഇംഗ്ലണ്ട് ചാമ്പ്യൻഷിപ്പിൻറെ ഫൈനലിൽ പ്രവേശിച്ചിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&&&

## വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ്

നാളെ നടക്കുന്ന വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. നാളെ വൈകുന്നേരം 7 .30 നു ഡൽഹിയിലെ അരുൺ ജെയ്റ്റിലി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&